**കേരള സർക്കാർ**

സംഗ്രഹം

ഇ.എം.എസ്. സഹകരണ ആശുപത്രി & റിസർച്ച് സെന്ററിന്റെ പേരിൽ പെരിന്തൽമണ്ണ ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **2292/2018/ധന.** തിരുവനന്തപുരം, തീയതി **21.03.2018**

പരാമർശം - സഹകരണ സംഘം രജിസ്ട്രാറുടെ 16.03.2018 ലെ എസ്.സി.റ്റി. (1)13536/17 നമ്പരായുള്ള കത്ത്.

**ഉത്തരവ്**

"അട്ടപ്പാടി സഹകരണ ആരോഗ്യ പദ്ധതി" നടപ്പാക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം ഇ.എം.എസ്. സഹകരണ ആശുപത്രി & റിസർച്ച് സെന്റർ ക്ലിപ്തം നം. എം 549 ന് 2017-18 സാമ്പത്തിക വർഷത്തിൽ 2425-108-42 (സബ്സിഡി), 4425-108-34 (ഷെയർ), എന്നീ ശീർഷകങ്ങളിൽ നിന്നും ശുപാർശ ചെയ്ത തുകയുടെ 50% തുകയായ 72.50 ലക്ഷം രൂപ (ആകെ എഴുപത്തി രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ടെന്നും പ്രസ്തുത തുക സംഘത്തിന്റെ അക്കൗണ്ടിലേക്ക് മാറി നൽകുന്നതിനായി ഇ.എം.എസ്. സഹകരണ ആശുപത്രി & റിസർച്ച് സെന്ററിന്റെ പേരിൽ പെരിന്തൽമണ്ണ ട്രഷറിയിൽ ഒരു ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകണമെന്ന് സഹകരണ സംഘം രജിസ്ട്രാർ പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, ഇ.എം.എസ്. സഹകരണ ആശുപത്രി & റിസർച്ച് സെന്ററിന്റെ പേരിൽ പെരിന്തൽമണ്ണ ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
സഹകരണ (B) വകുപ്പ് ( e file No: Co-Op-B3/105/2018-Co-Op പ്രകാരം )
ധനകാര്യ (Agri-C) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ